സ്മാർട്ട്സിറ്റി പദ്ധതിയുടെ വിശദാംശങ്ങൾ

8 [T782] ശ്രീ. കെ. കെ. ഷാജു :
,, എ. എൻ. രാജൻ ബാബു :
,, ഉമേഷ് ചള്ളിയിൽ :
,, ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട്സിറ്റി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഏറ്റവും കൂടുതൽ ഐ.റ്റി. പ്രൊഫഷണലുകളെ വാർത്തെടുക്കുന്ന തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ സ്മാർട്ട്സിറ്റി മാതൃകയിൽ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സർക്കാരിന്റെയും ദുബായ് ഇന്റർനെറ്റ് സിറ്റി (ഡി.ഐ.സി.) യുടെയും സംയുക്ത സംരംഭമായി കൊച്ചിയിലെ ഇൻഫോപാർക്കിനെ കേന്ദ്രീകരിച്ചുള്ള ഐ.ടി. പാർക്ക് വികസനത്തിനായുള്ള ഒരു പദ്ധതിയാണ് സ്മാർട്ട്സിറ്റി പ്രോജക്ട്. 2004 ഡിസംബറിൽ ഇത് സംബന്ധിച്ച് ദുബായ് ഇന്റർനെറ്റ് സിറ്റി കേരള സർക്കാരിന് ഒരു കർത്തവ്യനിർദ്ദേശം സമർപ്പിക്കുകയുണ്ടായി. തുടർന്നുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു ധാരണാപത്രം ഇരു കക്ഷികളുടെയും പ്രതിനിധികൾ ഒപ്പുവച്ചിട്ടുണ്ട്. ഇതനുസരിച്ച് കേരള സർക്കാർ 100 ഏക്കർ സ്ഥലം ഒരു രൂപ നിരക്കിൽ 99 വർഷത്തേക്ക് പുതുതായി രൂപം കൊള്ളുന്ന കമ്പനിക്ക് പാട്ടത്തിന് നൽകും. അതിനുപുറമേ 136 ഏക്കർ സ്ഥലം 36 കോടി രൂപയ്ക്ക് പുതിയ കമ്പനിക്ക് നൽകുന്നതാണ്. ഇൻഫോപാർക്കും അതിൽ ഉൾപ്പെട്ടിരിക്കുന്ന വസ്തുവകകളും 109 കോടി രൂപയ്ക്ക് പുതിയ കമ്പനിക്ക് കൈമാറുന്നതാണ്. പുതുതായി രൂപം കൊള്ളുന്ന കമ്പനിയിൽ ദുബായ് ഇന്റർനെറ്റ് സിറ്റിയ്ക്ക് 91 ശതമാനം ഓഹരിയും, കേരള സർക്കാരിന് 9 ശതമാനം ഓഹരിയുമാണ് ഉണ്ടായിരിക്കുക. പ്രസ്തുത പദ്ധതി നിലവിൽ വരുമ്പോൾ സ്മാർട്ട്സിറ്റിയിൽ സ്ഥാപിക്കപ്പെടുന്ന IT/ITES വ്യവസായങ്ങളിൽ നിന്ന് ഏറ്റവും കുറഞ്ഞത് 33,300 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുവാൻ ദുബായ് ഇന്റർനെറ്റ് സിറ്റി കടപ്പെട്ടിരിക്കുന്നു.

(ബി) ഇത് പരിഗണിക്കാവുന്നതാണ്.

(സി) തിരുവനന്തപുരത്ത് ടെക്നോസിറ്റിയും, കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ, കോട്ടയം എന്നീ പട്ടണങ്ങൾ സാറ്റലൈറ്റ് നഗരങ്ങളായി വികസിപ്പിച്ച് ഐ. ടി. വ്യവസായ കേന്ദ്രങ്ങളാക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

'T'—മാറ്റിവയ്ക്കപ്പെട്ട ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly